## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T. 3862

24/06/2014-ൽ മറുപടിക്ക്

### എഴുതിത്തള്ളിയ ഭവനശ്രീ വായ്പകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) ഭവനശ്രീ പദ്ധതിയിൽ ഏതെല്ലാം ബാങ്കുകളിൽ നിന്നെടുത്ത വായ്പകളാണ് എഴുതി തള്ളിയത് എന്ന് വ്യക്തമാക്കാമോ ; | (എ) | ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ധനലക്ഷ്മി ബാങ്ക്, ഫെഡറൽ ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സിൻഡിക്കേറ്റ് ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളിൽ നിന്നുമുള്ള ഭവനശ്രീ വായ്പ എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സഹകരണ ബാങ്കുകളുടെ ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തു കൊണ്ട് ഇപ്പോൾ സർക്കാർ ഉത്തരവായ സാഹചര്യത്തിൽ ആയത് എഴുതി തള്ളുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) സഹകരണ ബാങ്കുകളിൽ നിന്നും കോർപ്പറേഷൻ ബാങ്കിൽ നിന്നും എടുത്ത ഭവനശ്രീ വായ്പകൾ എഴുതി തള്ളാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുക്കുന്നതിനു വേണ്ടി എസ്എൽബിസി മുഖേന കുടുംബശ്രീ എല്ലാ ബാങ്കുകളിൽ നിന്നും ഭവനശ്രീ വായ്പാ വിവരങ്ങൾ ശേഖരിച്ചിരുന്നു. എന്നാൽ, സഹകരണ ബാങ്കുകളിൽ നിന്നും കോർപ്പറേഷൻ ബാങ്കിൽ നിന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ഭവനശ്രീ വായ്പാ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിരുന്നില്ല. അതിനാലാണ് പ്രസ്തുത ബാങ്കുകളിൽ നിന്ന് എടുത്ത ഭവനശ്രീ വായ്പകൾ ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കാതിരുന്നത്. |
| (സി) ടി ബാങ്കുകളിൽ നിന്നും ഭവനശ്രീ വായ്പയെടുത്ത - വരുടെ വായ്പകൾ ബാധ്യത തീർത്ത് വായ്പക്കാരുടെ പ്രമാണങ്ങൾ തിരിച്ച നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | സഹകരണ ബാങ്കുകളിൽ നിന്നുള്ള ഭവനശ്രീ വായ്പകൾ ഏറ്റെടുത്തു കൊണ്ട് ഉത്തരവ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി പ്രമാണങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ